(ബി) അമേരിക്കൻ മാർക്കറ്റിൽ ഒരു റാത്തൽ പരിപ്പിന് (32 കൌണ്ട്) 170 സെൻറ് വിലയുണ്ട്.

(സി) കോർപ്പറേഷൻ അമേരിക്കൻ മാർക്കറ്റിനെ ആസ്പദമാക്കി മാർക്കറ്റ് വിലയിൽനിന്നും ഒട്ടും കുറയാത്ത വിലയ്ക്കാണ് ഇപ്പോഴും പരിപ്പു വിറ്റുകൊണ്ടിരിക്കുന്നത്.

കാരീയം ഖനനം

*223 [238] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്ന് കിട്ടുമെന്നു പ്രതീക്ഷിക്കുന്ന 30 ലക്ഷംടൺ കാരീയം (ഗ്രാഫൈറ്റ്) ഖനനംചെയ്തു എടുക്കുന്നതിനുള്ള ആധുനിക സംവിധാനം ഏർപ്പെടുത്തുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കാരീയം ഉപയോഗിച്ച് എന്തെല്ലാം വ്യവസായങ്ങൾ കേരളത്തിൽ ആരംഭിക്കാം ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) ഇതിലേയ്ക്കാവശ്യമായ പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) കാരീയം ഉപയോഗിച്ച് ക്രൂസിബിളുകൾ, ലൂബ്രിക്കൻറ്, ഇലക്ട്രിക്കൽ ബ്രഷ്, പെൻസിൽ ഫൗണ്ടറി ഫേസിംഗ്, ഫിഷ്നെറ് വെയിറ്റ് എന്നിവ ഉണ്ടാക്കാവുന്നതാണ്. കൂടാതെ റിയാക്ഷൻ വെസൽ സിമന്റ് ലൈനിംഗ് കൊടുക്കുന്നതിനും മറ്റു പദാർത്ഥങ്ങളുമായി കലർത്തി ടിൻ ഒട്ടിക്കുന്നതിനുള്ള സോൾഡറും സ്റ്റോറേജ് ബാറ്ററി പ്ലെയിറ്റുകൾ, അച്ചടിക്കുള്ള അച്ചുകൾ എന്നിവ ഉണ്ടാക്കാനും പിഗ്മെൻറ് തുടങ്ങിയ രാസപദാർത്ഥങ്ങൾ ഉണ്ടാക്കുവാനും കാരീയം ഉപയോഗിക്കാവുന്നതാണ്.

കേരളത്തിൽ വെച്ച് നിർമ്മിക്കുന്ന ചലച്ചിത്രങ്ങൾ

*224 [239] ശ്രീ. ജി. പി. മംഗലത്തുമഠം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽവെച്ച് നിർമ്മിക്കുന്ന ചലച്ചിത്രങ്ങൾക്ക് ഓരോന്നിനും 50,000 രൂപ ക്രമത്തിൽ എത്ര പടങ്ങൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്;

(ബി) ഓരോന്നിൻെറയും പേര് വിശദീകരിക്കുമോ;

(സി) ഈ രീതിയിൽ തുടർന്നും സബ്സിഡി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) 33 ചിത്രങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ബി). അനുബന്ധമായി വെച്ചിട്ടുണ്ട് †

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly